
മുദ്രകൾ

# ബ്രിട്ടീഷ് മീഡിയയുടെ ഇസ്‌ലാംവിരുദ്ധത


കെൻ ലിവിങ്സ്റ്റൺ

**'മുസ്‌ലിം**-അമുസ്‌ലിം പൊതു ഇടങ്ങൾക്കായുള്ള അന്വേഷണവും ബ്രിട്ടീഷ് മാധ്യമങ്ങളും' എന്ന പേരിൽ ഒരു പഠന റിപ്പോർട്ട് പുറത്തുവരികയുണ്ടായി കഴിഞ്ഞ നവംബറിൽ. ലണ്ടൻ മേയർ കെൻ ലിവിങ്സ്റ്റന്റെ രക്ഷാധികാരത്തിൽ നടന്ന പഠനത്തിൽ ക്രിസ്റ്റഫർ അലൻ, അൻജല ഗ്ലക്, താരീഖ് ഹമീദ്, ഹ്യൂ മൂയിർ, ജൂലിയൻ പെറ്റ്‌ലി തുടങ്ങിയ നിരവധി അക്കാദമിക പണ്ഡിതന്മാരും പത്രപ്രവർത്തകരും പങ്കാളികളായിരുന്നു. ബ്രിട്ടീഷ് മാധ്യമങ്ങൾ വാർത്തകളിലും ലേഖനങ്ങളിലും മുസ്‌ലിം ജീവിതത്തെ എങ്ങനെ പ്രതിഫലിപ്പിക്കുന്നു എന്നാണ് അവർ അന്വേഷിച്ചത്. ബ്രിട്ടീഷ് മീഡിയയുടെ ഇസ്‌ലാം വിദ്വേഷം പച്ചയായി പുറത്തുകൊണ്ടുവരുന്നുണ്ട് പഠന ഫലങ്ങൾ.

മുസ്‌ലിംകളെക്കുറിച്ച് ബ്രിട്ടീഷ് മീഡിയയിൽ ഒരാഴ്ചക്കകം വന്ന 352 ലേഖനങ്ങൾ/വാർത്തകൾ പരിശോധിച്ചപ്പോൾ അവയിൽ 91% ഇസ്‌ലാം-മുസ്‌ലിം വിരുദ്ധമായിരുന്നു. 19 പത്രങ്ങൾ നിരീക്ഷച്ചപ്പോൾ അവയിൽ 12 എണ്ണത്തിൽ വന്ന വാർത്തകൾ നൂറ് ശതമാനവും മുസ്‌ലിം വിരുദ്ധമാണെന്ന് കണ്ടെത്തി. "ഇസ്‌ലാമുമായും മുസ്‌ലിംകളുമായും ബന്ധപ്പെട്ട വാർത്തകൾ റിപ്പോർട്ടു ചെയ്യുന്ന രീതി മാറേണ്ടതുണ്ടെന്നാണ് ഇതു വ്യക്തമാക്കുന്നത്. പാശ്ചാത്യർക്ക് ഇസ്‌ലാം ഭീഷണിയാണ് എന്ന മട്ടിലാണ് മീഡിയയുടെ അവതരണം. പക്ഷപാതിത്വം ഇവിടെ വരെ പ്രകടമാണ്. അൽപം നീതിബോധമുള്ള ഒരാൾക്കും ഇത് അംഗീകരിക്കാനാവില്ല"- കെൻ ലിവിങ്സ്റ്റൺ പറഞ്ഞു. മീഡിയ പൊലിപ്പിച്ച് റിപ്പോർട്ട് ചെയ്ത പല മുസ്‌ലിം വിരുദ്ധ വാർത്തകളും ശുദ്ധ കളവായിരുന്നു എന്നും അന്വേഷണ സംഘം കണ്ടെത്തുകയുണ്ടായി.

*ഫിനാൻഷ്യൽ ടൈംസും ഇൻഡിപെൻഡന്റും* ആണ് കൂട്ടത്തിൽ ഭേദം. ഈ പത്രങ്ങളിൽ ഒരാഴ്ചക്കകം ഇസ്‌ലാം/മുസ്‌ലിം വിഷയങ്ങളിൽ യഥാക്രമം 37-ഉം 78-ഉം ലേഖനങ്ങൾ വന്നു. ആദ്യത്തേതിൽ 89%വും രണ്ടാമത്തേതിൽ 80%ഉം മുസ്‌ലിം/ഇസ്‌ലാം വിരുദ്ധം. *സ്റ്റാർ, മിറർ, സൺ, ഇൻഡിപെഡന്റ് ഓൺ സൺഡെ, സ്റ്റാർ ഓൺ സൺഡെ, സൺഡെ മിറർ, സൺഡെ എക്സ്പ്രസ്, റെയൽ ഓൺ സൺഡെ, സൺഡെ ടെലഗ്രാഫ്, ന്യൂസ് ഓഫ് ദ വേൾഡ്, ഒബ്സർവർ, സൺഡെ ടൈംസ്* എന്നീ പത്രങ്ങളിൽ ഈ കാലയളവിൽ വന്ന ലേഖനങ്ങളിൽ നൂറ് ശതമാനവും ഇസ്‌ലാം വിരുദ്ധമായിരുന്നു.

ജനങ്ങളുടെ ചിന്താഗതിയാണ് പത്രങ്ങളിൽ പ്രതിഫലിക്കുന്നതെന്നു പറയാൻ നിർവാഹമില്ല. 2007 ഫെബ്രുവരിയിൽ ബി.ബി.സി, ഇസ്‌ലാമും പാശ്ചാത്യരും എന്ന വിഷയത്തിൽ നടത്തിയ സർവെയിൽ പങ്കെടുത്ത 77% ബ്രിട്ടീഷുകാരും പടിഞ്ഞാറും ഇസ്‌ലാമും തമ്മിൽ അനുരഞ്ജനം സാധ്യമാണ് എന്ന പക്ഷക്കാരായിരുന്നു. സംഘർഷം രാഷ്ട്രീയ കാരണങ്ങളാലാണെന്നായിരുന്നു 56% അഭിപ്രായപ്പെട്ടത്. കാരണം മതപരമാണെന്ന് കരുതുന്നവർ 29% മാത്രം. അപ്പോൾ മീഡിയ മനഃപൂർവം ഇസ്‌ലാമോഫോബിയ സൃഷ്ടിക്കുകയാണെന്ന് വരുന്നു. ഇവയിൽ മിക്കതിന്റെയും ഉടമസ്ഥത സയണിസ്റ്റ് മുതലാളിമാർക്കാണല്ലോ. ■

# 'ഹംസി'ന് തിളക്കമാർന്ന വിജയം


അബൂജർറ സുൽത്വാനി

**അൾജീരിയയിലെ** തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലേക്കുനടന്ന തെരഞ്ഞെടുപ്പിൽ ഹർകതു മുജ്തമഇ സിൽമി(ഹംസ്)ന് മികച്ച വിജയം. 83 നഗര കൗൺസിലുകളുടെ ഭരണം ഹംസിന് ലഭിച്ചു. നൂറ്റിയൊന്ന് നഗരകൗൺസിലുകളിൽ മറ്റുകക്ഷികളുമായി ഭരണം പങ്കിടുകയും ചെയ്തു. നേരത്തേ 38 കൗൺസിലുകളിൽ മാത്രമായിരുന്നു ഹംസിന് ആധിപത്യമുണ്ടായിരുന്നത്. കക്ഷി നിലയിൽ മൂന്നാം സ്ഥാനത്താണ് ഈ ഇസ്‌ലാമിക കക്ഷി. 'വോട്ടെടുപ്പിൽ കൃത്രിമത്വം നടക്കുന്നുണ്ടെങ്കിലും ഒരു ജനായത്ത ക്രമത്തിലേക്ക് അൾജീരിയ പിച്ചവെക്കുന്നതിന്റെ അടയാളമായി ഞങ്ങൾ തെരഞ്ഞെടുപ്പ് വിജയത്തെ കാണുന്നു' - ഹംസിന്റെ അധ്യക്ഷൻ അബൂജർറ സുൽത്വാനി പറഞ്ഞു. ■

## അമേരിക്കയെ വിമർശിച്ചു, പക്ഷേ.....



**സ്വൂഫീ** ത്വരീഖത്തുകളുടെ സമ്മേളനത്തിൽ അമേരിക്കക്ക് രൂക്ഷ വിമർശം. വടക്കൻ കയ്റോയിലെ ത്വൻത്വാ നഗരത്തിൽ സയ്യിദ് ബദ്‌വിയുടെ ജന്മദിനാഘോഷങ്ങളോടനുബന്ധിച്ചുള്ള സമ്മേളനത്തിലാണ് പ്രസംഗകർ അമേരിക്കയെ പേരെടുത്ത് പറയാതെ വിമർശിച്ചത്. "ഇന്ന് ലോകത്ത് കാണുന്ന അരാജകത്വങ്ങൾക്കു കാരണം പുതിയ ലോക ക്രമമാണ്. അതൊരു പ്രാകൃത വ്യവസ്ഥയാണ്. അതിൽ ധാർമികതയില്ല. സ്വൂഫീ ത്വരീഖത്തുകൾ ഇതിനെതിരെ ജാഗരൂകരാകണം"- ദസൂഖി ത്വരീഖത്തിന്റെ മുഖ്താർ മുഹമ്മദ് അലി പറഞ്ഞു. അഫ്ഗാൻ, ഇറാഖ്, സുഡാൻ പോലുള്ള മുസ്‌ലിം രാഷ്ട്രങ്ങളുടെ അധിനിവേശത്തിനു പിന്നിലും ഇതേ ശക്തികൾ തന്നെ.

ഈജിപ്തിലെ അമേരിക്കൻ എംബസി വളരെ താൽപര്യപൂർവം ഭാഗഭാക്കാവാറുണ്ട് സ്വൂഫി ത്വരീഖത്തുകളുടെ ഈ വാർഷിക സമ്മേളനത്തിൽ. ഇത്തവണയും അതിന് മാറ്റമുണ്ടായില്ല. ഈജിപ്തിലെ അമേരിക്കൻ അംബാസഡർ ഫ്രാൻസിസ് റിച്ചാർഡ് ഡോണി സദസ്സിൽ മുൻ നിരയിൽ തന്നെയുണ്ടായിരുന്നു. സ്വൂഫിസമാണ് 'മിത ഇസ്‌ലാമി'നെ പ്രതിനിധീകരിക്കുന്നതെന്നാണ് പല അമേരിക്കൻ പഠന കേന്ദ്രങ്ങളുടെയും നിലപാട്. അതിനാൽ വിദേശങ്ങളിൽനിന്ന് ഈജിപ്ഷ്യൻ ത്വരീഖത്തുകൾക്ക് നന്നായി സഹായവും ലഭിക്കുന്നുണ്ട്.

പിന്നെ വേദിയിൽ ഉയർന്ന അമേരിക്കൻ വിമർശം? അത് പൊതുവികാരത്തിന് ഒപ്പം നിൽക്കുന്നു എന്നു വരുത്തിത്തീർക്കാനുള്ള തന്ത്രമായേ കാണേണ്ടതുള്ളൂ. സമ്മേളനത്തിന്റെ മറ്റുനടപടിക്രമങ്ങൾ നൽകുന്ന സൂചന അതാണ്. നിരന്തരം മനുഷ്യാവകാശ ലംഘനങ്ങൾ നടത്തുന്ന പ്രസിഡന്റ് ഹുസ്നി മുബാറകിന് സർവ പിന്തുണയും വാഗ്ദാനം നൽകി കമ്പിസന്ദേശം അയച്ചത് ഉദാഹരണം. തീവ്രവാദത്തിനും തങ്ങളുടെ പക്കൽ മരുന്നുണ്ടെന്ന് അവർ മുബാറകിനെ അറിയിച്ചു, സ്വൂഫീ വിദ്യാഭ്യാസം! "ഞങ്ങൾ രാഷ്ട്ര നേതാക്കളോട് പറയുന്നു, നിങ്ങൾ സ്വൂഫികളെ പേടിക്കേണ്ടതില്ല. അവർക്ക് നിങ്ങളുടെ അധികാരക്കസേര വേണ്ട. അതിനു വേണ്ടി തർക്കിക്കാനും വരില്ല. സ്വൂഫിസം പരീക്ഷിച്ചു നോക്കൂ, സമൂഹത്തിൽ ശാന്തിയുണ്ടാകും"- അസമി ത്വരീഖത്തിന്റെ അബ്ദുൽ ഹലീം ഹുസൈനിയുടേതാണ് ഈ അഭിപ്രായം. തീവ്രവാദ സംഘടനകളെയും മുഖ്യധാരാ ഇസ്‌ലാമിസ്റ്റുകളെയും നേരിടാൻ അമേരിക്കയും മുബാറകും ത്വരീഖത്തുകളെ കൂട്ടുപിടിക്കുന്നത് തികച്ചും സ്വാഭാവികം.

ഈജിപ്തിലെ 74 സ്വൂഫീ ത്വരീഖത്തുകളുടെ പ്രതിനിധികൾ സമ്മേളനത്തിൽ പങ്കെടുത്തു. ഇവക്ക് ഈജിപ്തിൽ മൊത്തം പത്ത് മില്യൻ അനുയായികളുണ്ടെന്നാണ് വാദമെങ്കിലും, സ്വൂഫി ആചാര്യന്മാരുടെ ജന്മദിനാഘോഷങ്ങളിൽ ജനപങ്കാളിത്തം ഗണ്യമായി കുറഞ്ഞുവരുന്നതായാണ് റിപ്പോർട്ട്. അൽ അസ്ഹർ യൂനിവേഴ്സിറ്റിയെ ഉപയോഗപ്പെടുത്തി സ്വൂഫി ചിന്തകൾ പ്രചരിപ്പിക്കാനാണ് അടുത്ത നീക്കം. ■



## യദൂമി പിൻഗാമി

**യമനിലെ** ഇസ്‌ലാമിക കൂട്ടായ്മയായ *അത്തജമ്മുഉൽ യമനി ലിൽ ഇസ്‌ലാഹി*ന്റെ താൽക്കാലിക അധ്യക്ഷനായി മുഹമ്മദ് യദൂമിയെ തെരഞ്ഞെടുത്തു. യമൻ സ്വാതന്ത്ര്യസമര നായകനും തജമ്മുഇന്റെ അധ്യക്ഷനുമായിരുന്ന ശൈഖ് അബ്ദുല്ലാ അൽ അഹ്മറിന്റെ നിര്യാണത്തെ തുടർന്നാണ് പുതിയ നിയമനം. ഈ വർഷം നടക്കുന്ന സംഘടനയുടെ ദേശീയ സമ്മേളനത്തിൽ വെച്ചാണ് പുതിയ അധ്യക്ഷനെ തെരഞ്ഞെടുക്കുക.

പോലീസിലും തുടർന്ന് രഹസ്യാന്വേഷണ വിഭാഗത്തിലും പ്രവർത്തിച്ച യദൂമി തൊള്ളായിരത്തി തൊണ്ണൂറുകളുടെ ആദ്യത്തിലാണ് ഇഖ്‌വാനുമായി ബന്ധപ്പെടുന്നത്. സംഘടനയുടെ സെക്രട്ടറിയായും പിന്നീട് വൈസ് പ്രസിഡന്റായും പ്രവർത്തിച്ചു. *തജമ്മുഇ*നെ ജനകീയമാക്കുന്നതിൽ യദൂമിയുടെ രാഷ്ട്രീയ ഉൾക്കാഴ്ചക്ക് നല്ല പങ്കുണ്ട്. ■